# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 ജൂൺ 28**

---

## കായിക പ്രതിഭകൾക്ക് എം.ജി സർവകലാശാലയുടെ ആദരം നാളെ ; മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യും

*അഖിലേന്ത്യ അന്തർ സർവകലാശാലാ സ്പോർട്സ് ചാമ്പ്യൻഷിപ്പുകളിൽ 2023-24 വർഷത്തിൽ മെഡൽ നേടിയ വിദ്യാർഥികളെയും ഈ കാലഘട്ടത്തിൽ കായിക മേഖലയിൽ മികവു പുലർത്തിയ കോളജുകളെയും മഹാത്മാ ഗാന്ധി സർവകലാശാല നാളെ (ജൂൺ 30) ആദരിക്കും.*

*രാവിലെ 10.30ന് സർവകലാശാല അസംബ്ലി ഹാളിൽ നടക്കുന്ന ചടങ്ങ് സഹകരണ, ദേവസ്വം, തുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മുൻ രാജ്യാന്തര കായികതാരങ്ങളായ ഷൈനി വിത്സണും വിത്സൻ ചെറിയാനും വിശിഷ്ടാതിഥികളായി പങ്കെടുക്കും.*

*സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ മുഖ്യ പ്രഭാഷണം നടത്തും. സിൻഡിക്കേറ്റ് അംഗങ്ങളായ പി. ഹരികൃഷ്ണൻ, ഡോ. ബിജു തോമസ്, ഡോ. ജോജി അലക്സ്, സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസ്, സർവകലാശാലാ യൂണിയൻ ചെയർ പേഴ്സൺ എം.എസ് ഗൗതം, ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ജോസ് സേവ്യർ, കെ.കെ. സ്വാതി എന്നിവർ സംസാരിക്കും.*

*(പി.ആർ.ഒ/39/1754/2025)*

## പി.ജി, ബി.എഡ് പ്രവേശനം;

## രണ്ടാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

*സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാനന്തര ബിരുദ, ബി.എഡ് പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴി പ്രവേശനത്തിനുള്ള രണ്ടാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.*

*അലോട്ട്മെൻറ് ലഭിച്ചവർ ജൂലൈ രണ്ടിന് വൈകുന്നേരം നാലിനു മുൻപ് കോളേജുകളിൽ പ്രവേശനം നേടണം. താത്കാലിക പ്രവേശനം തെരഞ്ഞെടുക്കുന്നവർ കോളേജുകളിൽ ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കിയാൽ മതിയാകും.*

*ഒന്നാം ഓപ്ഷൻ ലഭിച്ചവരും സ്ഥിര പ്രവേശനം തെരഞ്ഞെടുത്തവരും ഈ സമയപരിധിക്കുള്ളിൽ കോളേജുകളിൽ നേരിട്ട് ഹാജരായാണ് പ്രവേശനം നേടേണ്ടത്. പ്രവേശനം എടുക്കുന്നവർ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.*

*(പി.ആർ.ഒ/39/1755/2025)*

## ഓണേഴ്സ് ബിരുദം,ഗ്രാജ്വേറ്റ് സ്കൂൾ; ക്ലാസുകൾ ജൂലൈ 1ന് തുടങ്ങും

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സർവകലാശാലാ കാന്പസിൽ ഗ്രാജ്വേറ്റ് സ്കൂളിനു കീഴിലുള്ള 4+1 പ്രോഗ്രാമുകളുടെയും ക്ലാസുകൾ ജൂലൈ ഒന്നിന് തുടങ്ങും.*

*(പി.ആർ.ഒ/39/1756/2025)*

## സൗജന്യ തൊഴിൽ മേള

*മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള സൗജന്യ തൊഴിൽ മേള ജൂലൈ ഒൻപതിന് സർവകലാശാലയിൽ നടക്കും.*

*പ്രൊഫഷണൽ ഹോസ്പിറ്റാലിറ്റി, ടീച്ചിംഗ്, ടെക്സ്റ്റൈൽസ്, ബാങ്കിംഗ്, ഇൻഷുറൻസ്, ഫാസ്റ്റ് ഫുഡ് റെസ്റ്റോറന്റ് ശൃംഖല, പത്രമാധ്യമങ്ങൾ, ഫിനാൻസ് തുടങ്ങിയ മേഖലകളിലെ വിവിധ ഒഴിവുകളിലേക്കാണ് മേളയിൽ പങ്കെടുക്കുന്നവരെ തിരഞ്ഞെടുക്കുക.*

*താത്പര്യമുള്ളവർ* https://www.empekm.in/mccktm/ *എന്ന ലിങ്കിൽ ജൂലൈ എട്ടിന് മുൻപ് രജിസ്റ്റർ ചെയ്യണം. ഫോൺ : 9495628626, 0481-2731025.*

*(പി.ആർ.ഒ/39/1757/2025)*

## <u>പ്രാക്ടിക്കൽ</u>

*നാലാം സെമസ്റ്റർ എംഎസ്സി പോളിമർ കെമിസ്ട്രി (സിഎസ്എസ്-2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ ഏഴിന് പത്തനംതിട്ട, കതോലിക്കേറ്റ് കോളജിൽ നടക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

*..............................*

*നാലാം സെമസ്റ്റർ എംഎസ്സി പ്ലാന്റ് ബയോടെക്നോളജി (സിഎസ്എസ്-2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 10,11 തീയതികളിൽ തിരുവല്ല, മാക്ഫാസ്റ്റ് കോളജിൽ നടക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1758/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**